# മൂപ്പന്മാർക്കും, ഉപദേഷ്ടാക്കന്മാർക്കും, മറ്റു പാപികൾക്കുമുള്ള ഒരു പ്രസംഗം

## (20:13- 38; 21:1)

പൗലൊസിന്റെ ഏഴു പ്രസംഗങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[1] ക്രിസ്ത്യാനികൾക്കുള്ളത് ഒന്നുമാത്രം - പ്രവൃത്തികൾ 20-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ കഴിഞ്ഞ പാഠത്തിന്റെ അവസാനം, പൗലൊസ് ത്രോവാസ് വിട്ടുപോവാൻ ഭാവിച്ചിരുന്നു (20:11).[2] പൗലൊസ് കര മാർഗ്ഗം അടുത്ത തുറമുഖ വിളികേട്ട അസ്സോസിലേക്കു നടന്നപ്പോൾ,[3] തന്റെ കൂട്ടുകാരോട് കപ്പലിൽ കയറുവാൻ ആവശ്യപ്പെട്ടിരുന്നു (വാക്യം 13). ഒരു പ ക്ഷേ കപ്പൽ പോയപ്പോൾ അവൻ തയ്യാറായിരുന്നില്ലായിരിക്കാം (ത്രോവാസിലെ സഹോദരന്മാരോടൊപ്പം കുറച്ചുകൂടെ ചെലവിടാൻ അവൻ ആഗ്രഹിച്ചു കാണും). ഒരു പക്ഷേ അവൻ കുറച്ചു തനിയെ ആയിരിക്കാൻ ആഗ്രഹിച്ചു കാണും.[4] ലൂക്കൊസ് എഴുതി:

> അവൻ അസ്സൊസിൽ[5] ഞങ്ങളോടു ചേർന്നപ്പോൾ, അവനെ കയറ്റ മിതുലേനയിൽ[6] എത്തി. അവിടെ നിന്നു നീക്കി, പിറ്റെന്നാൾ ഖിയൊസ്[7] ദ്വീപിന്റെ തൂക്കിൽ എത്തി, മറുനാൾ സാമൊസ്[8] ദ്വീപിൽ അണഞ്ഞു; പിറ്റേന്നു മിലേത്തൊസിൽ എത്തി.[9] കഴിയും എങ്കിൽ പെന്തകൊസ്തു നാളേക്കു യെരുശലേമിൽ എത്തേണ്ടതിനു, പൗലൊസ് ബന്ധപ്പെടുകയിൽ ആസ്യയിൽ[10] കാലതാമസം വരുത്തരുതു എന്നുവെച്ച്; എഫെസൊസിൽ അടുക്കാതെ ഓടേണം എന്നു നിശ്ചയിച്ചിരുന്നു[11] (വാക്യങ്ങൾ 14-16).

മിലേത്തോസിൽ കപ്പലിൽ ചരക്ക് കയറ്റിറക്കു നടത്തുകകൊണ്ട് മൂന്നു - ദിവസത്തെ താമസം പൗലൊസിനു കിട്ടി. (അല്ലെങ്കിൽ ചില പ്പോൾ അറ്റകുറ്റ പണികൾക്കായും.) അവൻ ഒരു സന്ദേശ വാഹകനെ എഫെസൊസിൽ അയച്ച്, മിലേത്തൊസിലേക്കു വരുവാൻ മൂപ്പന്മാരോട് ആവശ്യപ്പെട്ടു.[12] അവർ മുപ്പതു മൈലോളം തെക്കോട്ടു യാത്ര ചെയ്താണ് പൗലൊസിനെ കാണാൻ ചെന്നത്; അവർ എത്തിയപ്പോൾ, പൗലൊസ് വലിയൊരു യാത്രാമൊഴി അവർക്കു നല്കിയതാണ് പ്രവൃത്തികൾ 20.

പൗലൊസിന്റെ വാക്കുകൾ "മൂപ്പന്മാർക്കും, ഉപദേഷ്ടാക്കന്മാർക്കും, മറ്റു പാപികൾക്കും" ഉള്ള ഒരു പ്രസംഗമായിരിക്കുവാനാണ് എനിക്കു ആഗ്രഹം. പ്രസംഗം വ്യക്തിപരമായും മൂപ്പന്മാർക്കുള്ളതാണ്; നേരിട്ട് അവരോടാണ് സംബോധന ചെയ്തത് (വാക്യം 17). പൗലൊസിന്റെ എഫെസൊസിലെ പ്രവർത്തന വിവരവും ഉപദേഷ്ടാക്കന്മാർക്കു വില പ്പെട്ടതാണ്. എങ്ങനെയായാലും, എല്ലാ അംഗങ്ങൾക്കും ആവശ്യമായ ത് അതിൽ, *എല്ലാ* അംഗങ്ങളേയും ഉൾപ്പെടുത്തിയിരിക്കുന്നതായികാ ണാം. പൗലൊസും എഫെസ്യമൂപ്പന്മാരും മാത്രമല്ല അവിടെ ഉണ്ടായി രുന്നതെന്ന് ഓർക്കുക; പൗലൊസിന്റെ കൂട്ടുകാർ ചുരുങ്ങിയത് എട്ടു കൂട്ടുയാത്രക്കാരുണ്ട് (വാക്യങ്ങൾ 4-6). അതുകൊണ്ട്, എല്ലാവർക്കും ബാധകമായ സത്യങ്ങൾ പുസ്തകത്തിൽ നിന്നും വലിച്ചെടുക്കുവാനാണ്, ഞാൻ ആഗ്രഹിക്കുന്നത്.

## ഉപദേഷ്ടാക്കന്മാർക്കുള്ള ഒരു പ്രസംഗം

നമുക്ക് ഉപദേഷ്ടാക്കന്മാരിൽ നിന്നു തുടങ്ങാം. അനേകർ പ്രസം ഗിക്കാതിരിക്കുന്നതുകൊണ്ട്, പ്രസംഗിക്കാത്തവരോട് പ്രസംഗത്തെകു റിച്ചു പറയുന്നതു അസാധാരണമായിതോന്നാം. എങ്ങനെയായാലും, എല്ലാ ക്രിസ്ത്യാനികൾക്കും, വിലയുള്ളതിനാൽ പ്രസംഗിക്കുന്നതിനെ ക്കുറിച്ച് തിരുവചനത്തിൽ പറയുന്നതു അറിഞ്ഞിരിക്കണം.[13] പ്രസംഗി ക്കുന്നതിനെകുറിച്ചുള്ള അനേകം ആശയങ്ങൾ നിലവിലുള്ളത് ബൈബി ളിനെ ആസ്പദമാക്കിയുള്ളതല്ല, നാമധേയ വിഭാഗങ്ങളുടെ പരിശീല നത്തെ ആസ്പദമാക്കിയുള്ളതാണ്.

### പ്രസംഗിക്കൽ എന്നാൽ എന്താണ്

പ്രസംഗിക്കൽ എന്താണെന്ന് പൗലൊസിന്റെ പ്രസംഗം പറയുന്നു. നിഷേധങ്ങളോടെ നമുക്കു ആരംഭിക്കാം. ഒരു ആശ്വാസ ജീവിതത്തെ കുറിച്ചുള്ളത് *അല്ല* പ്രസംഗം[14] തന്നിൽ വന്ന പരീക്ഷണങ്ങളും കണ്ണു നീരും അവൻ പറയുകയുണ്ടായി (വാക്യം 19; കൂടാതെ വാക്യം 31 ഉം നോക്കുക). അവൻ നീണ്ട മണിക്കൂറുകൾ സംസാരിച്ചു: "അതുകൊണ്ടു ഉണർന്നിരിപ്പിൻ ഞാൻ മൂന്നു സംവൽസരം രാപ്പകൽ ... ഇടവിടാതെ കണ്ണുനീർ വാർത്തുകൊണ്ടു ഓരോരുത്തന്നു ബുദ്ധി പറഞ്ഞുതന്നതു ഓർത്തുകൊൾവിൻ" (വാക്യം 31); അവന്നു കാലത്തു 8 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള ജോലി ആയിരുന്നില്ല. അവൻ തനിക്കു യെരുശലേമിൽ വരുവാനിരിക്കുന്ന "ബന്ധനങ്ങളെയും കഷ്ടങ്ങളെയും" കുറിച്ചു സംസാരിച്ചു (വാക്യം 23).

പ്രസംഗിക്കൽ പണമുണ്ടാക്കുന്നതിനല്ല. മൂപ്പന്മാരോട് എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു, എന്നു നിങ്ങൾ തന്നെ അറിയുന്നുവല്ലൊ എന്നു പറഞ്ഞപ്പോൾ, "അവൻ തന്റെ പരുപരുത്തതും തഴമ്പുള്ളതുമായ കൈകൾ നിവർത്തി കാണിച്ചിരിക്കാമെന്ന് ഞാൻ കരുതുന്നു" (വാക്യം 34). ഒരു ഉപദേഷ്ടാവ് ശമ്പളം പറ്റുന്നത് വചനാനുസരണമാണ് (ലൂക്കൊസ് 10:7; 1 കൊരിന്ത്യർ 9; 1 തിമൊഥെയൊസ് 5:18), എന്നാൽ, ആ പ്രസംഗിക്കൽ മറിച്ച്, പ്രത്യേക ശുശ്രൂഷ നിറവേറ്റലാണ്.

പ്രസംഗിക്കൽ ജോലി സ്ഥിരതയല്ല. പൗലൊസ് തന്റെ കേൾവിക്കാരോട് പറഞ്ഞു, "ഇപ്പോൾ ഞാൻ ആത്മാവിനാൽ, ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്കു പോകുന്നു" (വാക്യം 22). ഓരോ ദിവസവും പിറ്റെന്നാൾ എന്തു സംഭവിക്കുമെന്ന് ഉപദേഷ്ടാക്കന്മാർ ഒരിക്കലും അറിയുന്നില്ല.

പ്രസംഗിക്കൽ മേയ്ക്കൽ അല്ല എന്നതും നമ്മുടെ പുസ്തകം അടിവരയിടുന്നു. എഫെസൊസിലെ *ഉപദേഷ്ടാക്കന്മാരെ* പൗലൊസ് വിളിച്ചില്ല; അവൻ വിളിച്ചതു *മൂപ്പന്മാരെയാണ്* (വാക്യം 17). നാം കാണാൻ പോകുന്നതുപോലെ, മൂപ്പന്മാർ ഇടയന്മാരാണ് (വാക്യങ്ങൾ 17, 28); ഉപദേഷ്ടാവ് "ഇടയനല്ല" (ചില സന്ദർഭത്തിൽ, ഒരു ഉപദേഷ്ടാവ് മൂപ്പന്മാരിൽ ഒരാളുടെ സേവനം നടത്തിയേക്കാം[15], എന്നാൽ ഒരു ഉപദേഷ്ടാവ് എന്ന നിലയിൽ, ബൈബിൾ അടിസ്ഥാനത്തിൽ അയാൾ "പാസ്റ്റർ" *അല്ല*).

നിഷേധത്തിൽ നിന്നു ക്രിയാത്മകത്തിലേക്കു കടക്കുമ്പോൾ, പ്രസംഗത്തിൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കണമെന്ന് പൗലൊസിന്റെ പ്രസംഗത്തിലുണ്ട്. ഒരു ഉപദേഷ്ടാവ് തന്റെ സമയം എങ്ങനെ ചെലവഴിക്കണമെന്നതിനെ സംബന്ധിച്ച് ഓരോരുത്തർക്കും അവരവരുടേതായ ആശയങ്ങൾ കാണും, അതുപോലെ ഒരു ഉപദേഷ്ടാവ് എന്തു പ്രസംഗിക്കണമെന്നും. നമുക്കു പൗലൊസിനോടു ചോദിക്കാം: "എന്താണ് പ്രസംഗം? എന്നാൽ താങ്കൾ എഫെസൊസിൽ എന്തു ചെയ്തു?" അവൻ പറയാനിടയുള്ളത് ആദ്യം, "ഞാൻ *ഉപദേശിക്കയും പ്രസംഗിക്കയും ചെയ്തു*" (വാക്യങ്ങൾ 20, 25) പലപ്പോഴും മുഖ്യ പ്രവൃത്തിയിൽ നിന്നകന്ന അടുക്കും ചിട്ടയുമില്ലാത്ത ഉപദേഷ്ടാക്കന്മാരുടെ ബാലിശമായ പണികൾ ഒന്നും തന്നെ പൗലൊസിന്റെ വാക്കുകളിൽ ഇല്ലായിരുന്നു.

പിന്നെ, പൗലൊസ് തന്റെ വാക്കുകൾ വിപുലമാക്കുന്നതു എനിക്കു കേൾക്കാം: "ഞാൻ *ദൈവ വചനം* പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തു" അവൻ പറഞ്ഞു "നിങ്ങൾക്കു ആത്മീയ വർദ്ധന വരുത്തുവാനും, സകലവിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു" (വാക്യം 32).

താൻ ഉപദേശിച്ചതും പ്രസംഗിച്ചതും *എല്ലാം* ദൈവ വചനമായിരുന്നു എന്നു പൗലൊസ് ഊന്നിപ്പറഞ്ഞു[16] "പ്രയോജനമുള്ളത് ഒന്നും അവൻ എഫെസ്യർക്കു മറച്ചുവെച്ചില്ല" (വാക്യം 20),[17] അവരുടെ എല്ലാ മനുഷ്യരുടേയും,[18] രക്തത്തെ സംബന്ധിച്ചു "അവൻ കുറ്റക്കാരനല്ല എന്നു പറയുന്നു. കാരണം അവൻ [അവരോട്] ദൈവത്തിന്റെ ആലോചന മുഴു

വനും അറിയിച്ചിരുന്നു" (വാക്യങ്ങൾ 26, 27). ഉപദേഷ്ടാക്കന്മാർക്കു ആദ്യത്തെ ഉത്തരവാദിത്വം ദൈവത്തോടാണ്. ആളുകളെ സന്തോഷിപ്പിക്കയോ, അവർക്കു നന്നായിരിക്കുന്നു, എന്നു തോന്നിപ്പിക്കയോ, വാക്കുകൾ പെരുപ്പിക്കയോ അല്ല. എന്നാൽ "ദൈവത്തിന്റെ ആലോചന മുഴുവൻ പറയുക" (വാക്യം 27; കെ.ജെ.വി)!

അടുത്തതായി പൗലൊസ് പറയുമെന്ന് ഞാൻ ഊഹിക്കുന്നത്, "*കഴിവതും എല്ലായിടത്തും ഞാൻ* ദൈവ വചനം പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തു" അവൻ "പരസ്യമായും വീടുകൾ തോറും പ്രസംഗിച്ചു" (വാക്യം 20) "പ്രസംഗ പീഠം അലങ്കരിക്കുക" മാത്രമാണ് തന്റെ ജോലി എന്ന് ഉപദേഷ്ടാവ് ചിന്തിച്ചാൽ അയാൾക്കു ലഭിച്ച വെല്ലുവിളിയുടെ വിസ്തൃതി അയാൾ മനസ്സിലാക്കുന്നില്ല.

അവസാനമായി, പൗലൊസ് പറയാനിടയുള്ളത്, "ഞാൻ എല്ലായിടത്തും *എല്ലാവരോടും* ദൈവവചനം പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തു" അവൻ "യെഹൂദന്മാരോടും യവനന്മാരോടും സാക്ഷ്യം പറഞ്ഞു" (വാക്യം 21). അവൻ ആരുടേയും മുഖം നോക്കിയില്ല. ഒരു ഉപദേഷ്ടാവ് എല്ലാവരേയും സഹായിക്കാൻ തയ്യാറാകുന്നതുവരെ ആരെയും സഹായിക്കാൻ തയ്യാറായിട്ടില്ല.

**ഉപദേഷ്ടാവിന്റെ മനോഭാവം എന്തായിരിക്കണം**

ഒരു ഉപദേഷ്ടാവ് എന്തു ചെയ്യണം എന്നുമാത്രമല്ല; ഒരു ഉപദേഷ്ടാവ് എങ്ങനെ ആയിരിക്കണം എന്നും അവൻ പറഞ്ഞു – അവൻ വളർത്തിയെടുക്കേണ്ട മനോഭാവം ശരിയായ പ്രവൃത്തികൾ ചെയ്യുന്നതിനേക്കാൾ പ്രയാസമാണ് ശരിയായ മനോഭാവം ഉണ്ടാക്കുക എന്നത്.

ഒരു ഉപദേഷ്ടാവിനു *താഴ്മയുള്ള* മനോഭാവം വേണം. "വളരെ താഴ്മയോടെയാണ്" പൗലൊസ് കർത്താവിനെ സേവിച്ചത് (വാക്യം 19). "ശുശ്രൂഷകൻ"[19] എന്ന വാക്കിന്റെ അർത്ഥം "ദാസൻ" എന്നാണ്. ഒരു ഉപദേഷ്ടാവ് വെറുമൊരു ദാസൻ ആണ് (റോമർ 12:3; ഫിലിപ്പിയർ 2:3–5). അയാൾ പാസ്റ്റർ അല്ല; സഭയെ നടത്തുക എന്നതല്ല അയാളുടെ ജോലി. അയാളുടെ ജോലി വചനം പ്രസംഗിക്കുക എന്നതാണ് – അത് എല്ലാം പ്രസംഗിക്കയും വേണം!

ഒരു ഉപദേഷ്ടാവിനു *വിശ്വാസ*മനോഭാവം ഉണ്ടായിരിക്കണം. പൗലൊസ് അടിതൊട്ടു മുടി വരെ മുറിവേല്ക്കപ്പെട്ടിരുന്നു (2 കൊരിന്ത്യർ 11:23–33). അവന്റെ സ്ഥാനത്ത് ഞാൻ ആയിരുന്നെങ്കിൽ, "ഞാൻ സഹിക്കാവുന്നതിലധികം കഷ്ടതയേറ്റു. ഞാൻ എനിക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തു. ഇനി വിരമിക്കേണ്ട സമയമായി," എന്നു പറഞ്ഞേക്കാം. എങ്ങനെയായാലും, പൗലൊസ്, ഉപേക്ഷിക്കാൻ തയ്യാറായില്ല. അവനെ തുടരുവാൻ പ്രേരിപ്പിച്ചതെന്താണ്? അവൻ കർത്താവിൽ ആശ്രയിച്ചു (വാക്യങ്ങൾ 21, 32). എന്തു സംഭവിച്ചാലും, അവൻ ദൈവത്തിന്റെ കരങ്ങളിലായിരുന്നു! ഭാവിയെ സംബന്ധിച്ചു, അവൻ എഫെസ്യ മൂപ്പന്മാരോടു പറഞ്ഞു:

> ഇപ്പോൾ, ഇതാ, ഞാൻ ആത്മാവിനാൽ,[20] ബന്ധിക്കപ്പെട്ടവനായി

> യെരുശലേമിലേക്കു പോകുന്നു, ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു, എന്നു പരിശുദ്ധാത്മാവ് പട്ടണം തോറും,[21] സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല,[22] എന്റെ ഓട്ടവും,[23] ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു, തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളു (വാക്യങ്ങൾ 22-24).

വാക്യം 24 ന്റെ ആരംഭത്തിൽ, വെസ്റ്റേൺ ടെക്സ്റ്റ് ഈ വാക്കുകൾ കൂട്ടിച്ചേർക്കുന്നു: "ഞാൻ എനിക്കുവേണ്ടി ഒന്നും കണക്കാക്കുന്നില്ല." ഇതിനെ കെ.ജെ.വി പറയുന്നതാണ് എനിക്കിഷ്ടം "എന്നാൽ ഇവയൊന്നും എന്നെ ഇളക്കുകയില്ല." നാം വളരെ കാര്യങ്ങൾ നമ്മെ "ഇളക്കുവാൻ" അനുവദിക്കുന്നുണ്ട്. നാം വിമർശനത്തെ ഭയപ്പെടുന്നു, മരണത്തെയും, പരാജയത്തെയും, രോഗത്തെയും, ഏകാന്തതയേയും, ജോലി സ്ഥിരതയില്ലായ്മയേയും, ഭാവിയെയും, വാർദ്ധക്യത്തെയും നാം ഭയപ്പെടുന്നു. വ്യക്തിപരമായ ബുദ്ധിമുട്ടുകൾ, ആരോഗ്യ പ്രശ്നങ്ങൾ, ജോലി - സമ്മർദ്ദങ്ങൾ എന്നെ തളർത്തുവാൻ എല്ലാം ഞാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ, പൗലൊസിനെ സംബന്ധിച്ച് അവൻ കാര്യമാക്കിയത് ദൈവം അവന്നു പ്രവർത്തിക്കാൻ കൊടുത്ത ജോലി തികക്കുക എന്നതു മാത്രമായിരുന്നു - അവസാനത്തോളം അതിൽ വിശ്വസ്തനായിരിക്കയും!

ഉപദേഷ്ടാവിന്നു *മനസ്സലിവ്* എന്ന മനോഭാവവും വേണം. പ്രസംഗത്തിൽ രണ്ടുപ്രാവശ്യം, പൗലൊസ് കണ്ണുനീർ വാർത്തതായി പറയുന്നു (വാക്യങ്ങൾ 19, 31). വാസ്തവത്തിലുള്ള മനുഷ്യർക്കു കരയുവാൻ കഴിയും (യോഹന്നാൻ 11:35; 2 കൊരിന്ത്യർ 2:4; ഫിലിപ്പിയർ 3:18).[24] പ്രസംഗത്തിൽ അടങ്ങിയിരിക്കുന്ന മറ്റെല്ലാം ഉണ്ടെങ്കിലും ഹൃദയത്തെ സ്പർശിക്കാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ഉപദേഷ്ടാവല്ല!

## മൂപ്പന്മാർക്കുള്ള ഒരു പ്രസംഗം

അടുത്തതു, നാം മൂപ്പന്മാരിലേക്കു തിരിയുന്നു. ആദ്യത്തേതും ഏറ്റവും പ്രധാനമായതും, ആയി ഇതു മൂപ്പന്മാർക്കു വേണ്ടിയുള്ള പ്രസംഗമാണ് (വാക്യം 17[25]). വീണ്ടും, അധികം പേരും മൂപ്പന്മാർ അല്ലായ്കയാൽ, മൂപ്പന്മാരല്ലാത്തവരോട് മൂപ്പന്മാരെക്കുറിച്ചു സംസാരിക്കുന്നതു വലിയ പ്രയോജനം ചെയ്യുകയില്ല എന്നു കരുതിയേക്കാം. എങ്ങനെയായാലും, ഞാൻ പ്രാർത്ഥിക്കയും പ്രത്യാശിക്കയും ചെയ്യുന്നത്, ഈ പാഠം പഠിക്കുന്ന അനവധി പേർ മൂപ്പൻ എന്ന ശുശ്രൂഷ ചെയ്യുവാൻ വാഞ്ഛിക്കുമെന്നാണ് (1 തിമൊഥെയൊസ് 3:1). കൂടാതെ, വചനപ്രകാരം മൂപ്പൻ ആകുന്നതിനാൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു എന്നതും.

### മൂപ്പൻ ആകുക എന്നാൽ എന്തല്ല

ഒരിക്കൽകൂടെ, നാം നിഷേധത്തോടെ തുടങ്ങുകയാണ്. മൂപ്പൻ

ആകുന്നത് മാനവും മഹത്വവും ഉള്ള സ്ഥാനമല്ല. എഫെസ്യ മൂപ്പന്മാർക്കു പൗലൊസ് നല്കുന്ന ചുമതലകൾ ശ്രദ്ധിച്ച് വായിക്കുക. അവൻ *അവർക്ക് ജോലിയും ഉത്തരവാദിത്വവും* മാത്രമാണ് കൊടുക്കുന്നത്. ഒരു ഇടയന്റെ പ്രവൃത്തിയാണ് അവൻ അവർക്ക് ചിത്രീകരിച്ച് കൊടുക്കുന്നത്. ആടു മേയ്ക്കൽ വൃത്തികെട്ട, ദുർഗന്ധമുള്ള ജോലിയാണ്; ആടുകളെക്കൊണ്ട് ജീവിക്കയും ചെയ്യണം. അതു അപകടകരമായ ജോലിയാണ്; വന്യമൃഗങ്ങൾ ഉണ്ടായിരുന്നു. അത് ഒരു മോഹിപ്പിക്കുന്ന ജോലി *അല്ലാ*യിരുന്നു.

വീണ്ടും, മൂപ്പനാകുന്നത് പണമുണ്ടാക്കുന്നതിനോ അല്ലെങ്കിൽ ജീവിതത്തിൽ മുന്നേറുന്നതിനോ അല്ല. മൂപ്പന്മാർക്കു ശമ്പളം കൊടുക്കുന്നതു വചനാനുസരണം തന്നെ (1 തിമൊഥെയൊസ് 5:17, 18),[26] എന്നാൽ മൂപ്പൻ ആകുക എന്നാൽ അതല്ല. "ദ്രവ്യാഗ്രഹത്തിൽ നിന്നു മുക്തനായിരിക്കണം" എന്നതാണ് മൂപ്പൻ ആകുവാനുള്ള ഒരു യോഗ്യത (1 തിമൊഥെയൊസ് 3:3; കൂടാതെ തിത്തൊസ് 1:7; 1 പത്രൊസ് 5:2). തന്റെ മാതൃകയായ "ആരുടെയും പൊന്നോ അല്ലെങ്കിൽ വെള്ളിയോ അല്ലെങ്കിൽ വസ്ത്രമോ മോഹിക്കാത്തത്"[27] പിൻപറ്റുവാനാണ് പൗലൊസ് എഫെസ്യമൂപ്പന്മാരോട് പറഞ്ഞത് (പ്രവൃത്തികൾ 20:33; കൂടാതെ വാക്യങ്ങൾ 34, 35 നോക്കുക).

കൂടാതെ, മൂപ്പനാകുന്നത് ശക്തി സ്ഥാപിക്കുവാനോ വിപുലപ്പെടുത്താനോ അല്ല. പിൽക്കാലത്ത്, സഭയ്ക്കു വിശ്വാസത്യാഗം സംഭവിച്ചപ്പോൾ, സഭാദ്ധ്യക്ഷന്മാർ അവരുടെ പ്രദേശങ്ങളുടെ അധികാരം വിപുലമാക്കിക്കൊണ്ടിരുന്നു. എഫെസ്യ മൂപ്പന്മാർക്കുണ്ടായിരുന്ന ഉത്തരവാദിത്വം എഫെസൊസ് സഭയെ മാത്രം മേൽനോട്ടം നടത്തുക എന്നതായിരുന്നു.[28] വില്ല്യം ബാർക്ക്ലേ പറഞ്ഞു, "[മൂപ്പന്മാർ] പ്രാദേശിക ഉദ്യോഗസ്ഥരും അവരെ നിയോഗിച്ച സ്ഥലത്ത് മാത്രമാണ് അവർക്കുള്ള അധികാരം."[29]

### ഒരു മൂപ്പൻ ആകുക എന്നാലെന്താണ്

നമുക്ക് ഇനി ക്രിയാത്മകതയിലേക്ക് കടക്കാം: മൂപ്പനാകുക എന്നാൽ ആദ്യം തന്നെ ഒരു *നല്ല* വ്യക്തിയാകുക എന്നതാണ്, എല്ലാ ക്രിസ്ത്യാനികളും അങ്ങനെ ആകണം (വാക്യം 28; കൂടാതെ 1 പത്രൊസ് 5:3).

മൂപ്പൻ ആകുക എന്നാൽ ദൈവം ആവശ്യപ്പെടുന്ന ചില *യോഗ്യതകൾ* ഉണ്ടാകുക എന്നതാണ് പൗലൊസ് എഫെസ്യമൂപ്പന്മാരോടു പറഞ്ഞത്. *പരിശുദ്ധാത്മാവ്* ആണ് അവരെ അദ്ധ്യക്ഷരാക്കി വെച്ചത് എന്നാണ് (പ്രവൃത്തികൾ 20:28). മൂപ്പന്മാർക്കു വേണ്ടതായ യോഗ്യതകൾ ഉള്ളവരെയാണ് ആത്മാവ് മൂപ്പന്മാരാക്കിവെക്കുന്നത് (1 തിമൊഥെയൊസ് 3:1–7; തിത്തൊസ് 1:5–9). മൂപ്പന്മാരെ തിരഞ്ഞെടുത്താക്കുന്നത് അംഗങ്ങളാണെങ്കിലും,[30] *ദൈവിക* നിയോഗമാണെന്ന് അവർ തിരിച്ചറിയണം. വാസ്തവത്തിൽ *പരിശുദ്ധാത്മാവ്* ആണ് അവരെ അദ്ധ്യക്ഷരാക്കി വെക്കുന്നത്; അവരുടെ പ്രാഥമിക ഉത്തരവാദിത്വം *ദൈവ*ത്തോടാണ് (എബ്രായർ 13:17).

ആത്മിയ *പക്വതയുടെ* അളവു പ്രാപിക്കുന്നതാണ് മൂപ്പൻ ആകുക എന്നാൽ "മൂപ്പൻ" എന്നതു ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതു (വാക്യം

17) *പ്രെസ്ബുറ്റെറോസ്* എന്നതാണ് മൂപ്പന്മാരെ "പ്രെസ്ബിറ്റേഴ്സ്"[31] എന്നു വിളിക്കാം *പ്രെസ്ബുറ്റെറോസ്* എന്നതിന്റെ അക്ഷരിക അർത്ഥം "പ്രായമായ [മനുഷ്യൻ]" എന്നാണ്. കാലനിർണ്ണയപ്രകാരമുള്ള പ്രായം ഒരു ഘടകമാണ്, എന്നാൽ ഏറ്റവും പ്രധാനം പക്വതയാണ്. പക്വതയുള്ള തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ളവനാകണം ഒരു മൂപ്പൻ. സങ്കീർണ്ണമായ സാഹചര്യങ്ങളിൽ ഉയർന്ന സമചിത്തതയുള്ളവനായി നിലനില്ക്കേണ്ടതായിട്ടുണ്ട്.

മൂപ്പനാകുക എന്നാൽ *ഉത്തരവാദിത്വം* സ്വീകരിക്കുകയാണ്.[32] പൗലൊസ് മൂപ്പന്മാരോടു പറഞ്ഞതു (വാക്യം 17) പരിശുദ്ധാത്മാവ് അവരെ "അദ്ധ്യക്ഷരാക്കി" വെച്ചു എന്നാണ് (വാക്യം 28) "ഓവർസിയർ" എന്നതിന്റെ ഗ്രീക്ക് വാക്ക് *എപ്പിസ്ക്കോപാസ്* എന്നാണ്,[33] അതൊരു സംയുക്തവാക്കാണ് "ഓവർ" (*എപി*) എന്നതും "സീ" (*സ്കോപാസ്*[34]) എന്നതും അർത്ഥമാക്കുന്നത് "ഓവർസിയർ" എന്നാണ്.[35] *എപിസ്കോപോസ്* ഇംഗ്ലീഷിലാക്കിയ ഒരു വാക്കാണ് "ബിഷപ്പ്"[36] (ഫിലിപ്പിയർ 1:1; 1 തിമൊഥെയൊസ് 3:1, 2; 1 പത്രൊസ് 2:25 കെ.ജെ.വിയിൽ നോക്കുക). പുതിയ നിയമകാലത്ത്, മൂപ്പനാകുക എന്നതും ബിഷപ്പ് ആകുക എന്നതും വ്യത്യാസമുള്ളതായിരുന്നില്ല; പേരുകളെല്ലാം മാറിമാറി ഉപയോഗിച്ചിരിക്കയാണ് (പ്രവൃത്തികൾ 20:17, 28; തിത്തൊസ് 1:5, 7; 1 പത്രൊസ് 5:1, 2) എല്ലാം ഒരേ ഉദ്യോഗത്തെയാണ് പറഞ്ഞിരിക്കുന്നത്.[37]

ഇടവകയുടെ *എല്ലാ* മേൽനോട്ടജോലിയും ആയിരുന്നു (ആണ്) മൂപ്പന്മാർക്ക്. ഗവൺമെന്റിനെ നയിക്കുന്നതിനെക്കുറിച്ച് അമേരിക്കൻ പ്രസിഡന്റ് പാരി ട്യൂമാൻ പറയാറുള്ളത്, "ദ ബക് സ്റ്റോപ്പ്സ് ഹിയർ."[38] ഒരു പ്രാദേശിക ഇടവകയുടെ നടത്തിപ്പിനെക്കുറിച്ച്, "ദ ബക്ക് സ്റ്റോപ്പ്സ്" എന്നതു മൂപ്പന്മാരിലാണ്. എങ്ങനെയായാലും, മൂപ്പന്മാർ, അവരുടെ ജോലി നിറവേറ്റാൻ സഹായം അഭ്യർത്ഥിക്കാം ഇതിനു നമ്മുടെ വേദഭാഗത്ത് തെളിവുകൾ അടങ്ങുന്നു: മൂപ്പന്മാർ "സഭയെ പോറ്റുകയായിരുന്നു" (വാക്യം 28; കെ.ജെ.വി); അതായതു, അവർ അംഗങ്ങളെ ഉപദേശിക്കുമായിരുന്നു (എബ്രായർ 5:12–14). അതേ സമയം പൗലൊസ് പറയുന്നു *താൻ* എഫെസ്യയിലെ ക്രിസ്ത്യാനികളെ ഉപദേശിച്ചു എന്ന് (പ്രവൃത്തികൾ 20:20). പൗലൊസ് മൂപ്പന്മാരുടെ ജോലികൾ കയ്യടക്കിയോ? ഇല്ല, അവൻ വലിയ പ്രവൃത്തിയായ ഉപദേശത്തിൽ സഹകരിക്കയായിരുന്നു. ആവശ്യമുള്ളപ്പോൾ, പുരുഷന്മാർ മൂപ്പന്മാരെ അവരുടെ വിവിധ ഉത്തരവാദിത്വങ്ങളിൽ, സഹായിക്കുന്നതു വചന പ്രകാരം തന്നെയാണ് (6–ാം അദ്ധ്യായത്തിൽ അപ്പൊസ്തലന്മാർ ചെയ്തതുപോലെ[39]) അതേ സമയം, ഇടവകയെ മേൽനോട്ടം നടത്തേണ്ട ഉത്തരവാദിത്വം മൂപ്പന്മാർക്കു മാത്രമാണുള്ളത് എന്ന് അവർ ഓർമ്മിക്കയും – അവരുടെ മേൽനോട്ടത്തിന് ഒരു ദിവസം കണക്കു ബോധിപ്പിക്കേണ്ടവരുമാണ്[40] (എബ്രായർ 13:17)!

എല്ലാറ്റിലുമുപരി, മൂപ്പൻ ആകുക എന്നാൽ *മേയ്ക്കൽ* ആണ്. ഇത് പ്രസംഗത്തിൽ മുഴുവൻ ചിത്രീകരിച്ചിരിക്കുന്നത് മനസ്സോടും ശ്രദ്ധയോടും ആടുകളെ മേയ്ക്കുന്ന രീതിയാണ്. പൗലൊസ് മൂപ്പന്മാർക്കു കൊടുക്കുന്ന നിർദ്ദേശങ്ങളിൽ മുഖ്യമായത് 28 ഉം 29 ഉം വാക്യങ്ങളിൽ കാണാം:

നിങ്ങളെത്തന്നെയും[41] താൻ, സ്വന്തരക്തത്താൽ, സമ്പാദിച്ചിരിക്കുന്ന[42] ദൈവത്തിന്റെ സഭയെ[43] മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ, ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു.

"ഷെപ്പേഡ്" എന്ന വാക്ക് *പോയ്മെൻ,* എന്ന ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപമാണ് "ഷെപ്പേഡ്" ഈ വാക്കിന്റെ ലാറ്റിന്റെ രൂപമാണ് "പാസ്റ്റർ," എഫെസ്യ ലേഖനത്തിൽ അദ്ധ്യക്ഷന്മാരെ കുറിക്കുമ്പോൾ പറയുന്നുണ്ട് 4:11. പ്രവൃത്തികൾ 20–ൽ, "മൂപ്പൻ" = "അദ്ധ്യക്ഷൻ" = "ഇടയൻ"[44] മൂപ്പന്മാർ (ഉപദേഷ്ടാക്കന്മാർ അല്ല) അദ്ധ്യക്ഷന്മാരും ഇടയന്മാരുമാണ് വാരെൻ ഡബ്ലിയു. വിയേഴ്സ്ബെ എഴുതി,

മൂപ്പന്മാർ/അദ്ധ്യക്ഷന്മാർ ആട്ടിൻ കൂട്ടത്തിന്റെ "ഇടയന്മാർ" ആയിരുന്നു, അവരെ സഹായിച്ചിരുന്നത് ശുശ്രൂഷകന്മാരായിരുന്നു ... സഭയിൽ പുതിയ നിയമങ്ങ[ൾ], മൂന്നു പദവികൾ മൂപ്പൻ, അദ്ധ്യക്ഷൻ, ഇടയൻ എന്നിവ ഒന്നു തന്നെയായിരുന്നു. ഈ ഉദ്യോഗത്തിന്റെ യോഗ്യതകൾ 1 തിമൊഥെയൊസ് 3:1–7 ഉം തിത്തൊസ് 1:5–9.[45]

ഈ ജോലിക്കു ഏറ്റവും പറ്റിയ ഒറ്റ – വിവരണവാക്ക് "ഷെപേഡിങ്ങ്." ഒരു മൂപ്പൻ തന്റെ പരിശ്രമം എവിടെ ശ്രദ്ധിക്കണം എന്നറിയാൻ, ഒരു ഇടയന്റെ ഉത്തരവാദിത്വങ്ങളെ ചിന്തിക്കുക: അവൻ ആടുകളെ നയിക്കുന്നു, അവയ്ക്കു ആഹാരം ലഭിച്ചോ എന്നു നോക്കണം[46] അവൻ അവയുടെ മുറിവുകൾ വെച്ചു കെട്ടുന്നു. അവ കൂട്ടം തെറ്റിപ്പോകാതിരിക്കാൻ ശ്രമിക്കുന്നു – അവ കൂട്ടം തെറ്റിയാൽ, അവയെ മടക്കിക്കൊണ്ടു വരുന്നു. കൂടുതലായി, ഇവയെല്ലാം അവൻ പക്ഷഭേദം കൂടാതെ ചെയ്യുന്നു. പൗലൊസ് പറഞ്ഞു, "ആട്ടിൻ കൂട്ടം *മുഴുവനെയും* ... സൂക്ഷിച്ചുകൊൾവിൻ" (വാക്യം 28; എംഫസിസ് മൈൻ). ഈ പാഠത്തിൽ മുൻപ് ഉപയോഗിച്ച ഒരു പദം ഉപയോഗിക്കട്ടെ: ഒരാൾ ആട്ടിൻകൂട്ടത്തെ *എല്ലാം* മേയ്ക്കുന്നില്ലെങ്കിൽ, കൂട്ടത്തിൽ *ഒന്നിനെ പോലും* മേയ്ക്കുന്നില്ല.

ഒഴിച്ചു കൂടാത്ത ഒരു മേയ്ക്കലാണ് പൗലൊസ് ഊന്നിപ്പറയുന്നത്: *ആട്ടിൻ കൂട്ടത്തെ സൂക്ഷിക്കൽ.* അവൻ മൂപ്പന്മാരോട് സൂക്ഷിക്കുവാൻ പറഞ്ഞതിന്റെ കാരണം "ആടുകളെ ആദരിക്കാത്ത" "കൊടിയ ചെന്നായ്ക്കൾ" വരും (വാക്യങ്ങൾ 28, 29)[47] ദൈവശ്വാസിയവും ലൗകികവുമായ ചരിത്രം പറയുന്നത് "ചെന്നായ്ക്കൾ" എഫെസൊസിലെ "കൂട്ടത്തിൽ" വന്നു, അദ്ധ്യക്ഷന്മാരിൽ നിന്നു തന്നെ, "വിപരീതോപദേശം സംസാരിക്കുന്ന പുരുഷന്മാർ എഴുന്നേറ്റു, ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചിഴച്ചു" (വാക്യം 30). എഫെസൊസുമായി ബന്ധപ്പെട്ട് ആറു ദുരുപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നതായി പുതിയ നിയമം പറയുന്നു.[48] യോഹന്നാന്റെ എഴുത്തുകളിൽ നിന്നു എഫെസൊസിൽ

പിൽക്കാലത്തു നോസ്റ്റിസം[49] എന്ന തെറ്റായ പ്രശ്നം. അവസാനം, പൊതുവായ പരിത്യജിക്കലും (1 തിമൊഥെയൊസ് 4:1–5; 2 തിമൊഥെയൊസ് 3:3; 4:3, 4) (പലപ്പോഴും മുൻപു പറഞ്ഞതു പോലെ, "തെറ്റിപ്പോയ മൂപ്പനാണ് പോപ്പ്"). സഭയ്ക്കുള്ളിലും പുറത്തു സംഭവിക്കുന്ന ദുരുപദേശങ്ങളെ, മൂപ്പന്മാർ ശ്രദ്ധിച്ച് അറിയണം.

മൂപ്പനാകുക എന്നതിലെ മറ്റു വെല്ലുവിളികളും പറഞ്ഞിരിക്കുന്നു: മൂപ്പനാകുക എന്നാൽ സഭയെ സ്നേഹിക്കുക എന്നതാണ് (വാക്യം 28). യേശു സഭയ്ക്കു വേണ്ടി മരിച്ചു. നല്ല മൂപ്പൻ സഭയെ വ്രണപ്പെടുത്തുന്ന ഒന്നും ചെയ്യുകയില്ല; അവൻ ആദ്യം കഷ്ടം സഹിക്കും. വീണ്ടും, മൂപ്പനാകുക എന്നാൽ ദൈവവചനം അറിയുക എന്നാണ് (വാക്യം 32). പൗലൊസും മറ്റും ദൈവശ്വാസിയ പുരുഷന്മാരും പോയശേഷം, അവർ എന്തു ചെയ്യണമെന്ന് അവർക്ക് എങ്ങനെ അറിയാം? പൗലൊസ് അവരെ ദൈവ വചനത്തിലേക്കു വിരൽചൂണ്ടി. ഒരു മൂപ്പൻ "ഉപദേശിപ്പാൻ സമർത്ഥനായിരിക്കണം" (1 തിമൊഥെയൊസ് 3:2).

അന്തിമമായി, ഒരു മൂപ്പനാകുക എന്നാൽ ആളുകളെ സഹായിക്കുകയാണ്. വാക്യം 32 അവസാനിപ്പിക്കുന്നത്: "നിങ്ങൾക്ക് ആത്മീക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും[50] അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു." എങ്ങനെയായാലും, പൗലൊസ് അവസാനിപ്പിച്ചില്ല. അവൻ തുടർന്നു:

> ആരുടേയും വെള്ളിയോ, പൊന്നോ, വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല. എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കയും[51] "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം,"[52] എന്നു കർത്താവായ യേശു താൻ പറഞ്ഞ, വാക്കു ഓർത്തു കൊൾകയും വേണ്ടതു എന്നു ഞാൻ എല്ലാം കൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു (വാക്യങ്ങൾ 33–35).

ഒരാൾ മൂപ്പനോ, ശുശ്രൂഷകനോ, ഉപദേഷ്ടാവോ, അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള, ഒരു നായകനോ ആയിരിക്കട്ടെ, ആത്മിയ നേതൃത്വത്തിന്റെ പരമമായ ലക്ഷ്യം ആളുകളെ സഹായിക്കുക എന്നായിരിക്കണം.

### മറ്റു പാപികൾക്കുള്ള ഒരു പ്രസംഗം

അവസാനമായി, നമ്മുടെ പുസ്തകത്തിലെ സഭയിലുള്ള ശേഷിച്ച അംഗങ്ങളിലേക്കാണ് വരുന്നത്. മൂപ്പന്മാർക്കും ഉപദേഷ്ടാക്കന്മാർക്കും ഉള്ള. യോഗ്യതകൾ പലതും നമ്മെ ഓരോരുത്തരെയും ബാധിക്കുന്നതാണ്; ഒരർത്ഥത്തിൽ നാമെല്ലാം "നായകന്മാർ," ആണ്. കാരണം നാം ഓരോരുത്തരും മറ്റുള്ളവരെ സ്വാധീനിക്കേണ്ടവരാണ്. അതുകൊണ്ട് നാം എല്ലാവരും ദൈവവചനം പഠിക്കണം (വാക്യം 32); നാമെല്ലാം വചനം

ഉപദേശിക്കുന്നവർ ആകണം (വാക്യം 20); നമുക്കെല്ലാവർക്കും ദാസന്മാരുടെ ഹൃദയം വേണം; നാമെല്ലാം നിസ്വാർത്ഥരും മറ്റുള്ളവരെക്കുറിച്ചു കരുതൽ ഉള്ളവരും ആകണം (വാക്യം 35).

കൂടുതലായി, മൂപ്പന്മാരിൽ നിന്നും ഉപദേഷ്ടാക്കന്മാരിൽ നിന്നും നാം പ്രതീക്ഷിക്കേണ്ടതും ഈ ഭാഗത്തു നിന്നു പഠിക്കാനുണ്ട്: സത്യം പ്രസംഗിക്കുന്ന ഉപദേഷ്ടാക്കന്മാർ നമുക്കു വേണം, നാം കേൾക്കേണ്ടതും സംസാരിക്കേണ്ടതും സംസാരിക്കുന്നവരായിരിക്കണം (നമ്മുടെ ആഗ്രഹപ്രകാരം പ്രസംഗിക്കുന്നവരല്ല), അതു മനസ്സലിവോടെ ചെയ്യുന്നവരുമാകണം. മേയ്ക്കുന്ന ഹൃദയമുള്ള ഉത്തരവാദിത്വമുള്ള, പക്വതയുള്ള മൂപ്പന്മാരാണ് നമുക്കു വേണ്ടത്.

എല്ലാറ്റിലുമുപരിയായി, ബന്ധങ്ങളുടെ രഹസ്യം നാമെല്ലാം ഈ ഭാഗത്തു നിന്നു പഠിക്കണം - പ്രത്യേകിച്ച് സഭയിലുള്ള - ബന്ധങ്ങൾ. ഈ ഭാഗത്ത് ഇല്ലാത്തതും സഭയെ മുഴുവനും അലിയിപ്പിക്കുന്നതുമായ വാക്കാണ് “സ്നേഹം.” ഒരു നേതൃത്വ പരിശീലന ക്ലാസ്സ് നടത്തുവാനുദ്ദേശിച്ചു കൊണ്ടായിരുന്നില്ല പൗലൊസ് മുപ്പതു മൈൽ അകലെയുള്ള എഫെസൊസിലെ മൂപ്പന്മാർക്ക് ആളയച്ചത്. അതുപോലെ പൗലൊസ് നേതൃത്വ - പരിശീലനത്തിൽ, പ്രാഗത്ഭ്യമുള്ളവനായതുകൊണ്ടുമല്ല എഫെസ്യമൂപ്പന്മാർ അറുപതു മൈൽ അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്തത്. എന്തിന് പൗലൊസ് മൂപ്പന്മാരെ വരുത്തുവാൻ ആളയച്ചു എന്നതും എന്തിനു അവർ പൗലൊസിന്റെ അടുക്കൽ വന്നു എന്നതും വൈകാരിക - ബന്ധത്തെ സൂചിപ്പിക്കുന്നു: അവർക്കു ഒരു പ്രത്യേക ബന്ധം ഉണ്ടായിരുന്നു.

> ഇങ്ങനെ പറഞ്ഞിട്ടു അവൻ മുട്ടുകുത്തി അവരെല്ലാവരോടും, കൂടെ പ്രാർത്ഥിച്ചു എല്ലാവരും വളരെ കരഞ്ഞു. ഇനിമേൽ അവന്റെ മുഖം കാണുകയില്ല എന്നു പറഞ്ഞവാക്കിനാൽ, അവർ ഏറ്റവും ദു:ഖിച്ചു പൗലൊസിന്റെ, കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു,[53] കപ്പലോളം അവനോടുകൂടെ വന്നു[54] അവനെ യാത്ര അയച്ചു (വാക്യങ്ങൾ 36-38)

അവർ “മുട്ടുകുത്തി പ്രാർത്ഥിച്ചു.” “മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനെക്കുറിച്ച്” നാം പലപ്പോഴും പറയാറുള്ളത് അതാണ് ബൈബിൾ കാലയളവിലെ പരിശീലനം എന്നാണ്, എന്നാൽ സാധാരണ പുരുഷന്മാർ നിന്നാണ് പ്രാർത്ഥിക്കുന്നത്. തിരുവെഴുത്തിൽ പുരുഷന്മാർ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതു വായിക്കുമ്പോൾ, ഒരു വൈകാരിക അന്തരീക്ഷം കാണാം - ചിലപ്പോൾ കുറ്റം തോന്നിയതുകൊണ്ടോ അല്ലെങ്കിൽ നിസ്സഹായാവസ്ഥ നോക്കിയിട്ടോ ആകാം. മിലേത്തൊസിൽ, മൂപ്പന്മാർ ദു:ഖം നിറഞ്ഞവരായിരുന്നു. കരഞ്ഞശേഷം, അവർ പൗലൊസിനെ കെട്ടിപ്പിടിച്ചുകൊണ്ട് വീണ്ടും വീണ്ടും ചുംബിച്ചു, അവർ കപ്പലിനടുത്തുവരെ ചെന്നു അവനെ യാത്രയയക്കാൻ. 21-ാം അദ്ധ്യായം ഒന്നാം വാക്യം മൂലഭാഷയിൽ സൂചിപ്പിക്കുന്നത് പൗലൊസും മൂപ്പന്മാരും *അവരുടെ കണ്ണുനീർ* സഹോദരന്മാർ കാണാതിരിക്കാൻ ബന്ധപ്പെട്ടു. (എൻ.ഐ.വി.

നോക്കുക.) മൂപ്പന്മാർ കാലൂന്നി നിന്നു കപ്പൽ തങ്ങളുടെ കാഴ്ച്ചക്കു മറയുന്നതുവരെ നോക്കിനിൽക്കുന്നതു, എനിക്കു കാണാൻ കഴിയും.

പൗലൊസും എഫെസ്യമൂപ്പന്മാരും തമ്മിൽ പ്രത്യേകമായൊരു ബന്ധമുണ്ടായിരുന്നു. മൂപ്പന്മാരും ഉപദേഷ്ടാക്കളായും അന്യോന്യം കരുതണം. ആ പ്രത്യേക വികാരം ഉപദേഷ്ടാവ് – അംഗം എന്ന ബന്ധത്തിലേക്ക് വിപുലപ്പെടണം, അതുപോലെ മൂപ്പൻ – അംഗം ബന്ധങ്ങളും, അംഗങ്ങൾ – അംഗങ്ങൾ തമ്മിലുള്ള ബന്ധം വികാരപരമായിരിക്കണം! ഞാൻ എല്ലാ ഉപദേഷ്ടാക്കന്മാരോടും പറയാറ്: എല്ലാ അംഗങ്ങളെയും നിങ്ങളുടെ മൂപ്പന്മാരെയും ബഹുമാനിക്കുക. ഞാൻ എല്ലാ മൂപ്പന്മാരോടും പറയാറ്: നിങ്ങളുടെ ഉപദേഷ്ടാവിനെ സഹായിക്കുകയും, എല്ലാ അംഗങ്ങളെയും മൃദുവായി കരുതുകയും ചെയ്യുക എന്നാണ്. എല്ലാ അംഗങ്ങളോടും ഞാൻ പറയാറ്: മൂപ്പന്മാരെ ഓർക്കുകയും ഉപദേഷ്ടാവിന്റെ ജോലികൾ അസ്സാദ്ധ്യമെന്ന് കരുതി നിങ്ങളോടുതന്നെ ചോദിക്കുക, "ആ ജോലികൾ ഞാൻ കാരണം എളുപ്പമാകുന്നോ അതോ പ്രയാസമാകുന്നോ?"

സഭയിൽ സ്നേഹം ഹൃദയങ്ങളിൽ നിന്നു ഹൃദയങ്ങളിലേക്ക് ഒഴുകിയാൽ, അതു അനേകം പ്രശ്നങ്ങൾക്കു പരിഹാരമാകും!

**ഉപസംഹാരം**

ആയിരിക്കേണ്ടതുപോലെ നാം ആരും ആയിട്ടില്ല എന്നതുകൊണ്ടാണ് ഞാൻ തലകെട്ടിൽ "പാപികൾ" എന്ന് ഉപയോഗിച്ചത് (റോമർ 3:23). ദൈവസഹായത്താൽ, നമുക്കെല്ലാവർക്കും നന്നാവാൻ കഴിയും, അതിനിടയിൽ, നമുക്കു അന്യോന്യം കൂടുതൽ ക്ഷമാലുക്കൾ ആകാം!

ബന്ധങ്ങളെ പരിഗണിച്ചുകൊണ്ട് നമുക്ക് അവസാനിപ്പിക്കാം. സഭയിൽ മറ്റുള്ള അംഗങ്ങളുമായി നിങ്ങളുടെ ബന്ധം എങ്ങനെയിരിക്കുന്നു? പൗലൊസ് വിട്ടു പോകുമ്പോൾ കരഞ്ഞതുപോലെ നിങ്ങൾ വിട്ടുപോകുമ്പോൾ ആരെങ്കിലും കരയാറുണ്ടോ? അതിപ്രധാനമായി, നിങ്ങളുടെ ബന്ധം കർത്താവിനോട് എങ്ങനെയണ്? അവൻ മരിച്ചതായ സഭയുടെ ഭാഗമാണോ നിങ്ങൾ (വാക്യം 28)? പൗലൊസ് എഫെസൊസിൽ വിശ്വാസവും മാനസാന്തരവും പ്രസംഗിച്ചു (വാക്യം 21). "മാനസ്സാന്തരം" എന്നാൽ നിങ്ങളുടെ പാപങ്ങളെകുറിച്ചു ദു:ഖിക്കയും നിങ്ങളുടെ വഴികൾ കർത്താവിന്റേതാക്കി മാറ്റുവാൻ തീരുമാനിക്കയും ചെയ്യുക. "വിശ്വാസം" നിങ്ങൾക്കു കർത്താവിനോടുള്ള പൂർണ്ണമായ പ്രതികരണമാണ് സൂചിപ്പിക്കുന്നത്, അതിൽ സ്നാനവും ഉൾപ്പെടുന്നു (എഫെസ്യർ 4:5) അവന്റെ ഇഷ്ടം ചെയ്യുവാൻ തക്കവണ്ണം നിങ്ങൾ കർത്താവിൽ ആശ്രയിക്കുന്നുണ്ടോ (മർക്കൊസ് 16:16)? മനുഷ്യരോടും കർത്താവിനോടും നിങ്ങളുടെ ബന്ധം ശരിയാക്കാൻ നിങ്ങൾ ഉദ്ദേശിക്കുന്നു എങ്കിൽ, അതു ചെയ്യുവാൻ ഉള്ള സമയം *ഇപ്പോൾ* ആകുന്നു!

## ദൃശ്യ - സഹായക്കുറിപ്പുകൾ

നിങ്ങളുടെ ശ്രോതാക്കളുടെ മനസ്സിൽ പ്രധാനപ്പെട്ട വിവരങ്ങൾ പങ്കിടുവാൻ മൂപ്പന്മാരെ ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത പേരുകൾ ഒരു ചാർട്ടായി വരച്ച് ഉണ്ടാക്കാം. ആ ചാർട്ട് ഏതാണ്ട് ഇതുപോലെ ഇരിക്കും:

കർത്താവിന്റെ സഭയിൽ മൂപ്പന്മാർ

മൂപ്പന്മാർ/പ്രെസ്ബിറ്റേഴ്സ് - പ്രായമായതും പക്വതയുള്ളവരും
(1 തിമൊഥെയൊസ് 5:17; 1 പത്രൊസ് 5:5)
അദ്ധ്യക്ഷന്മാർ/ഓവർസിയേഴ്സ് - ഇടവകയോട് ഉത്തരവാദിത്വമുള്ളവർ
(ഫിലിപ്പിയർ 1:1)
ഇടയന്മാർ/ഷെപ്പേഡ്സ് - അംഗങ്ങളുടെ ആത്മിയ ആവശ്യങ്ങളെക്കു റിച്ചു കരുതുക
(1 പത്രൊസ് 5:2, 3)

## പ്രസംഗ ക്കുറിപ്പുകൾ

“ഇതുപോലെ ഒരു യാത്രാമൊഴി പ്രസംഗത്തെ വൈകാരികമായും വൃത്തിയായും തരം തിരിക്കുക അസാദ്ധ്യമാണ്,” എന്ന് വില്ല്യം ബാർക്ലേ പറഞ്ഞു[55] എങ്ങനെയായാലും, പ്രസംഗം, സ്വാഭാവികമായി രണ്ടായി തരം തിരിക്കാം: തന്റെ തന്നെ പ്രവൃത്തിയുടെ സൂചന പൗലൊസ് നല്കുന്നു (വാക്യങ്ങൾ 18-27) മൂപ്പന്മാർക്ക് അവൻ നല്കുന്ന നിർദ്ദേശവും (വാക്യങ്ങൾ 28-35). വാക്യ - പ്രതി - വാക്യം എന്ന സമീപനത്തിനു പകരം, ഞാൻ ഈ സംഭവത്തെ വിഷയാത്മകമായി എടുത്ത്, പുസ്തകത്തിന്റെ നോട്ടുകൾ കുറിപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാറെൻ ഡബ്ലിയു വിയേഴ്സ്ബെ ഇതിനെ ഇങ്ങനെയാണ് ബാഹ്യരൂപ തയ്യാറാക്കിയത്:

I. ഭൂതകാല പുന: പരിശോധന (20:18-21).
   A. പൗലൊസിന്റെ ശുശ്രൂഷാരീതി (വാക്യങ്ങൾ 18, 19).
   B. പൗലൊസിന്റെ ശുശ്രൂഷാലക്ഷ്യം (വാക്യം 19).
   C. പൗലൊസിന്റെ ശുശ്രൂഷാസന്ദേശം (വാക്യങ്ങൾ 20, 21).

II. ഒരു വർത്തമാനകാല സാക്ഷ്യം (20:22-27). (പൗലൊസ് ആറു കാര്യങ്ങൾ പറയുന്നു: കണക്കു കൊടുക്കുമ്പോൾ, ഓട്ടക്കാരൻ I, കാര്യവിചാരകൻ സാക്ഷി, പ്രഖ്യാപിക്കുന്നവൻ, കാവൽക്കാരൻ.)

III. ഭാവിയെകുറിച്ചുള്ള ഒരു മുന്നറിയിപ്പ് (20:28-38).

A. നമുക്കു ചുറ്റും അപകടം (വാക്യം 29).
B. നമ്മിൽ തന്നെ അപകടം (വാക്യം 30).
C. നമുക്കുള്ളിൽ തന്നെ അപകടം (വാക്യങ്ങൾ 31–35).

ഈ പ്രസംഗത്തിലെ കാര്യങ്ങൾ ഉപകാരപ്രദമായ രണ്ടോമൂന്നോ പ്രസംഗങ്ങൾ ആക്കി മാറ്റാം. ഒരു പ്രസംഗം മൂപ്പന്മാരുടേയും അവരുടെ ഉത്തരവാദിത്വത്തെയും കുറിച്ചാകാം. ആസന്നമായ പരിത്യജിക്കലിനെക്കുറിച്ച് പൗലൊസ് മുന്നറിയിക്കുന്നതിനെക്കുറിച്ച് മറ്റൊരു പ്രസംഗം എടുക്കാം (വാക്യങ്ങൾ 28–31). സഭാദ്ധ്യക്ഷന്മാരിൽ ആണ് പരിത്യജിക്കൽ ആരംഭിച്ചത് എന്നത് ചരിത്രവസ്തുതയാണ് – അവരുടെ അതിരുകൾ അവർ ഒരു രാത്രികൊണ്ട് വിപുലമാക്കി, മത്തായി 7:15–23; 2 കൊരിന്ത്യർ 11:3; 2 തെസ്സലൊനിക്യർ 2:1–12; 2 പത്രൊസ് 2:1–3; 3:1–7; വെളിപ്പാട് 17:3–6; 18:1–5.

ഈ പാഠം *നിങ്ങൾ*ക്കു "ഒരു യാത്ര പറച്ചിലിന്റെ" സന്ദർഭമാക്കാം. ഒരു ഇടവകയിൽ നിന്ന് നിങ്ങൾ വിട്ടുപോകുമ്പോൾ ആദ്യം, പൗലൊസിനെപോലെ, അവർക്കിടയിൽ നിങ്ങൾ പ്രവർത്തിച്ചത് വിവരിക്കയും, പിന്നെ ഇടവകക്കു പൊതുവിൽ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും പ്രത്യേകമായി അദ്ധ്യക്ഷന്മാരോട് അവർ വിശ്വസ്തമായി കർത്താവിനെ സേവിക്കാൻ ഉത്സാഹിപ്പിക്കയും ചെയ്യുക.

---

കുറിപ്പുകൾ

[1]14:14–18 കൂടെ ഉൾപ്പെടുത്തിയാൽ, പ്രവൃത്തികളുടെ പുസ്തകത്തിൽ എട്ടു പ്രസംഗങ്ങൾ ഉണ്ട്. പ്രവൃത്തികൾ 3-ാം ലക്കത്തിലെ പ്രവൃത്തികൾ 14:14–18 ന്റെ നോട്ടുകൾ നോക്കുക. [2]പൗലൊസിന്റെ പിന്നീടുള്ള റോമിലെ തടവിൽ, നിന്നു മോചിക്കപ്പെട്ടശേഷം ത്രോവാസിൽ വീണ്ടും ചെല്ലുകയുണ്ടായി (2 തിമൊഥെയൊസ് 4:13). ചിലർ വിചാരിക്കുന്നത് പൗലൊസിനെ അവിടെ വെച്ചു തടവിലാക്കി എന്നാണ്. [3]പുസ്തകത്തിൽ പറഞ്ഞ അസ്സൊസും മറ്റു സ്ഥലങ്ങളും കാണുവാൻ പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ പടം നോക്കുക. ത്രോവാസിൽ നിന്നു എതിർ ദിശയിലായിരുന്നു അസ്സൊസ് – കരമാർഗ്ഗം ഇരുപതു മൈലും, കടൽമാർഗ്ഗം നാല്പതു മൈലും യാത്ര ചെയ്യണം. [4]യേശുവിന്റെ പ്രവൃത്തികളുമായി ഇതിനെ താരതമ്യം ചെയ്യുക – മർക്കൊസ് 6:45, 46. തലേ രാത്രി പൗലൊസ് ഉറങ്ങാതിരുന്നതുകൊണ്ട്, കപ്പലിൽ കയറി ഉറങ്ങാതെ, കരമാർഗ്ഗം വന്നു പോയി. [5]പല പട്ടണങ്ങളിലും നിർത്താറുള്ള കപ്പലിൽ ആയിരുന്നു പൗലൊസ് യാത്രചെയ്തത് (ഉദാഹരണമായി എല്ലാ സ്റ്റേഷനിലും നിർത്താറുള്ള ഷട്ടിൽ ട്രെയിൻ പോലെ). പിന്നീട്, അവൻ വളരെ കുറച്ചുകാലം മാത്രം നിർത്തുന്ന കപ്പലിൽ യാത്ര ചെയ്തു (21:2; ഉദാഹരണമായി സൂപ്പർ ഫാസ്റ്റ് ട്രെയിൻ പോലെ). [6]ലൈസ് ബോസ് ദ്വീപിന്റെ തെക്കു കിഴക്കു കടൽ തീരത്തായിരുന്നു മിറ്റിലീൻ. [7]കെയൊസും സാമൊസും ദ്വീപുകളായിരുന്നു. [8]വെസ്റ്റേൺ ടെക്സ്റ്റ് ഇവിടെ "ആന്റ് ടാരീഡ് അറ്റ് ട്രോഗില്ല്യം" എന്നാണ് (കെ.ജെ.വി. നോക്കുക). [9]മിലേത്തോസ് പ്രധാന തുറമുഖമായിരുന്നു, അത് ഏതാണ്ട് എഫെസൊസിനടുത്ത് നീണ്ടു കിടന്നിരുന്നു, എങ്കിലും വലിയൊരു പ്രധാന പട്ടണമായിരുന്നു. [10]പൗലൊസ് എഫെസൊസ് സന്ദർശിക്കാൻ ആഗ്രഹിച്ചിരുന്നു, പക്ഷേ പെന്തെകൊസ്തു നാളിൽ യെരുശലേമിൽ എത്തുവാൻ, അവന്നു ഒരിടത്തും ഇറങ്ങു

വാൻ സമയം ഇല്ലായിരുന്നു: (1) പൗലൊസ് സഞ്ചരിച്ചിരുന്ന കപ്പൽ എഫെസൊസിൽ നിർത്തുന്നതായിരുന്നില്ല, എഫെസൊസിൽ പോകാൻ പൗലൊസിനു കെയോസിൽ ഇറങ്ങേണ്ടിയിരുന്നു, അവിടെ നിന്നു ബോട്ടിൽ എഫെസൊസിലേക്ക് പോകണം, പിന്നെ അവിടെ സന്ദർശിച്ച ശേഷം, മറ്റൊരു കപ്പലിൽ യെരുശലേമിലേക്കു പോകണം. (2) അത്ര പെട്ടെന്ന് എഫെസൊസ് വിട്ടു പോകുവാൻ പൗലൊസിനു കഴിയുമായിരുന്നില്ല. അവന്നു ധാരാളം സ്നേഹിതരും, പൗരസ്ത്യ അതിഥി സല്ക്കാരവും, വിരുന്നും ആഘോഷവുമുണ്ടായിരുന്നു. (3) പൗലൊസ് (ഉടനെ വിട്ടു പോയാൽ [20:1] മറ്റൊരു കലഹവും ഉണ്ടായെന്നു വരാം).

[11]പെരുന്നാൾ ദിവസം യെരുശലേമിൽ എത്തുവാൻ കഴിയുമായിരുന്നു. പെസഹ നഷ്ടപ്പെടുകയും ചെയ്തു (20:6), പെന്തെക്കൊസ്തു വരെയുള്ള സമയത്തിന്റെ മൂന്നിൽ - ഒന്നു കഴിഞ്ഞിരിക്കുന്നു, അതുകൊണ്ടാണ് അവൻ ധൃതി കൂട്ടിയത്. പെന്തെക്കൊസ്തു നാളിൽ എന്തിനാണ് പൗലൊസ് യെരുശലേമിൽ എത്തുവാൻ ആഗ്രഹിച്ചത്? പല കാരണങ്ങൾകൊണ്ടാണ് അവൻ അങ്ങനെ തീരുമാനിച്ചത് (ദൂരത്തുനിന്നും ചാരത്തു നിന്നും എത്തുന്ന സ്നേഹിതരെ കാണണം, തന്റെ യെഹൂദ പാരമ്പര്യം ആഘോഷിക്കുവാൻ, പ്രസംഗിക്കുവാൻ കിട്ടുന്ന അവസരം ഉപയോഗിക്കുക, തുടങ്ങിയവ); അവൻ യെരുശലേമിൽ മുട്ടുള്ള വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരം എത്തിക്കേണ്ടതിനാൽ, അവന്റെ പ്രാഥമിക ഉദ്ദേശം അതുതന്നെയാകണം. ഒരു പക്ഷേ ഈ ധർമ്മശേഖരത്തെക്കുറിച്ച് കൂടുതൽ പേർ അറിഞ്ഞാൽ അതിൽ നിന്നുണ്ടാകാവുന്ന ഫലം; ഒരു പക്ഷേ യെഹൂദ്യയിൽ നിന്നുള്ള എല്ലാ യെഹൂദക്രിസ്ത്യാനികളും എത്തിയിട്ടുണ്ടെങ്കിൽ വിവരം എളുപ്പമാകും. [12]അവൻ, കപ്പൽ ഉടനെ യാത്രത്തിരിക്കാനിടയുള്ളതുകൊണ്ട് അവൻ അവിടേക്ക് പോയില്ല. മൂപ്പന്മാർ എത്തുന്നതിനു മുൻപ് പൗലൊസിന്റെ കപ്പൽ പോയിരുന്നെങ്കിൽ, അവർക്ക് അതു ഒരു നഷ്ടമായേനെ; എന്നാൽ പൗലൊസിനു കപ്പൽ കിട്ടിയില്ലെങ്കിൽ, പൗലൊസിനു പെരുന്നാളിൽ ഒരു വിധത്തിലും യെരുശലേമിൽ എത്തുവാൻ കഴിയുമായിരുന്നില്ല. [13]ഉപദേഷ്ടാക്കന്മാരിൽ നിന്നു എന്തു പ്രതീക്ഷിക്കണമെന്ന് ഉപദേഷ്ടാക്കന്മാർ - അല്ലാത്തവർ അറിയണം, സുബോധമുള്ള ഒരു ഉപദേഷ്ടാവ് ചെയ്യുന്നതിനെ, ഉപദേഷ്ടാക്കന്മാർ - അല്ലാത്തവർ അനുമോദിക്കണം. [14]ഇതിനു ഒരു വർഷത്തിനു മുൻപു, പൗലൊസ് 2 കൊരിന്ത്യർ 11:23-33, എഴുതിയിരുന്നതിൽ തനിക്കു നേരിട്ട വിഷമങ്ങൾ പറയുന്നു. [15]മൂപ്പന്മാർക്ക് ഉപദേഷ്ടാക്കന്മാരെ "ശമ്പളത്തിനാക്കുകയും പറഞ്ഞയക്കുകയും" ചെയ്യുവാനുള്ള അവകാശം ഉള്ളതിനാൽ, ഒരു ഉപദേഷ്ടാവ് മൂപ്പന്മാരിൽ ഒരാളായി ശുശ്രൂഷ ചെയ്യുന്നത് എതിരായ താല്പര്യങ്ങൾക്കിടയാക്കും. ഈ സാഹചര്യം കൈകാര്യം ചെയ്യുവാൻ ചില ഉപദേഷ്ടാക്കന്മാർ പക്വത വന്നവരാകണം; അധികം പേരും അല്ലതാനും. [16]പ്രത്യേക വിഷയങ്ങൾ പറയുന്നതിൽ മാനസാന്തരവും വിശ്വാസവും ഉൾപ്പെടുന്നു (വാക്യം 21), സുവിശേഷം (വാക്യം 24), കൃപ (വാക്യം 24), ദൈവ രാജ്യവും/സഭയും ഉൾപ്പെടുന്നു (വാക്യം 25). മാനസന്തരം ആദ്യവും പിന്നെ വിശ്വാസവും പറയുന്നതു അസാധാരണമാണ് (വാക്യം 24). സാധാരണ, ആളുകൾ യേശുവിൽ വിശ്വസിക്കയും പിന്നെ അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയുമാണ് (2:37, 38). എങ്ങനെയായാലും, ഓർമ്മിക്കുക, പൗലൊസ് എഫെസൊസിൽ മുഖ്യമായും അന്യദേവന്മാരിൽ വിശ്വസിച്ചിരുന്നവരോടാണ് പ്രസംഗിച്ചത്. അതുകൊണ്ട് അവൻ അവരെ ആദ്യം "വിഗ്രഹങ്ങളിൽ നിന്നു ദൈവത്തിങ്കലേക്ക്" തിരിക്കേണ്ടിയിരുന്നു (1 തെസ്സലൊനിക്യർ 1:9), അതിൽ "*ദൈവത്തോടുള്ള മാനസാന്തരവും*" ഉൾപ്പെട്ടിരുന്നു (വാക്യം 21; എംഫസിസ് മൈൻ). അവൻ പിന്നെ യേശുവിനെ കുറിച്ച് ഉപദേശിക്കുകയും, അങ്ങനെ അവർക്ക് "*യേശു ക്രിസ്തുവിൽ വിശ്വാസം*" ഉണ്ടാകുകയും ചെയ്തു (വാക്യം 21; എംഫസിസ് മൈൻ). [17]"ഐഡിഡ് നോട്ട് ഷ്രിങ്ക്ഫ്രം" എന്നതിന്റെ ഗ്രീക്കു വാക്കുകൾ ഒരു കപ്പിത്താൻ ഉപയോഗിച്ചതാണ്, "ഐ ഡിഡ് നോട്ട് ലോവർ മൈ സെയിൽസ്" എന്നതാണ്. പ്രസംഗത്തെ, പൗലൊസ് പറഞ്ഞത് "ഫുൾ സ്പീഡ് എഹെഡ്!" എന്നാണ്. [18]ഈ ഭാഷ എടുത്തത് യെഹെസ്കേൽ 3:16-21; 33:1-9-ൽ നിന്നാണ്. എൻ.സി.വി

യിൽ "നിങ്ങളിൽ ആരെങ്കിലും നഷ്ടപ്പെട്ടാൽ, ഞാൻ ഉത്തരവാദി അല്ല" എന്നാണ്. പ്രവർത്തികൾ 18:6 ൽ "ഭയപ്പെടരുത്" എന്ന ഈ പുസ്തകത്തിലെ പാഠം നോക്കുക. [19]തന്റെ "ശുശ്രൂഷ" യെക്കുറിച്ച് 24-ാം വാക്യത്തിൽ പൗലൊസ് പറഞ്ഞു. [20]എൻ.ഏ.എസ്.ബി തർജ്ജിമക്കാർ വിചാരിച്ചത് പൗലൊസ് തന്റെ സ്വന്ത ആത്മാവിനെക്കുറിച്ച് പറയുകയാണെന്നാണ്. അനേകം തർജ്ജിമക്കാർ "സ്പിരിറ്റ്," എന്നതിൽ "എസ്" വലിയ അക്ഷരമാണ് ഉപയോഗിച്ചിട്ടുള്ളത്, അതു സൂചിപ്പിക്കുന്നത് പൗലൊസ് പറയുന്നതു പരിശുദ്ധാത്മാവിനെ ആണെന്നാണ്. എൻസിവിയിൽ "ഞാൻ പരിശുദ്ധാത്മാവിനെ അനുസരിച്ച് യെരുശലേമിൽ പോകണം" എന്നാണ്. അർത്ഥം, ചെറിയ "എസ്" ആയാലും വലിയ "എസ്" ആയാലും ഒന്നുതന്നെ: "പൗലൊസ് യെരുശലേമിലേക്കു പോകുവാൻ [തന്റെ] മനസ്സിൽ ഉറച്ചിരുന്നു" (19:21), അതു *ദൈവേഷ്ടം* എന്നു അവന്നു ബോധ്യമായി. അതുകൊണ്ട്, അവൻ പോകാൻ *തീരുമാനിച്ചു*, *സമർപ്പിക്കപ്പെട്ടു*, ഒന്നും അവനെ പിന്തിരിപ്പിക്കാനായില്ല.

[21]പരിശുദ്ധാത്മാവിനു പൗലൊസിനോട് നേരിട്ടു സംസാരിക്കാൻ കഴിഞ്ഞിരുന്നു (ഫിലിപ്പൊസിനോട് എന്നപോലെ [8:29]), എന്നാൽ "പട്ടണം തോറും" എന്ന വാക്കുകൾ സൂചിപ്പിക്കുന്നത് ആ പട്ടണങ്ങളിലെ പ്രവാചകന്മാർ അവനോട് പറഞ്ഞിരിക്കാം (21:10, 11 നോക്കുക). [22]മത്തായി 16:25; മർക്കൊസ് 8:35; ലൂക്കൊസ് 9:24; ഫിലിപ്പിയർ 1:23. [23]പൗലൊസ് അവസാനം തന്റെ പ്രവൃത്തി *ചെയ്തു* തീർത്തു (2 തിമൊഥെയൊസ് 4:7). [24]അമേരിക്കയിൽ ഈ വരി ഇങ്ങനെ പറഞ്ഞേക്കാം: "ജോൺ വെയിൽ II-ാം ലോക മഹായുദ്ധം ജയിച്ചേക്കാം, എന്നാൽ അയാൾക്ക് ഒരു ഉപദേഷ്ടാവോ, മൂപ്പനോ ആകാൻ കഴിഞ്ഞേക്കില്ല - കാരണം അയാൾ ഒരിക്കലും കരഞ്ഞിട്ടില്ല." [25]എഫെസൊസ് സഭയിൽ *ഒന്നിലധികം* മൂപ്പന്മാർ ഉണ്ടായിരുന്നു എന്ന് ശ്രദ്ധിക്കുക. പുതിയ നിയമത്തിൽ ഒരിക്കലും *ഒരു* മൂപ്പൻ/അദ്ധ്യക്ഷൻ/ഇടയൻ എന്ന് ഇടവകയെ നടത്തുന്നവരെക്കുറിച്ച് പറഞ്ഞിട്ടില്ല. [26]എന്റെ ജീവിതത്തിൽ ശമ്പളം പറ്റിയ മൂപ്പന്മാരായി വിരലിലെണ്ണാവുന്നവരെ മാത്രമെ എനിക്കറിയാവു. മൂപ്പന്മാരുടെ ഉത്തരവാദിത്വം കൂടുതലുള്ളതും സമയ കൂടുതൽ വേണ്ടതും ആയതുകൊണ്ട്, സഭയിൽ മുഴു - സമയ മൂപ്പന്മാർ വേണം. [27]ഇവയെല്ലാം ഒന്നാം നൂറ്റാണ്ടിലെ നിലവാരത്തിന്റെ അടയാളമായിരുന്നു. മിക്ക സ്ഥലങ്ങളിലും, ഇന്നും അങ്ങനെ തന്നെയാണ്. [28]അതാണ് പുതിയനിയമ മാതൃക. ഫിലിപ്പിയർ 1:1; 1 പത്രൊസ് 5:2 നോക്കുക. [29]വില്യം ബാർക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയിലി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലെദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 91. [30]പ്രവൃത്തികൾ 6 പഠിച്ചപ്പോൾ, ദൈവശ്വാസിയ അപ്പൊസ്തലന്മാർ മൂപ്പന്മാർക്കു വേണ്ട യോഗ്യതകൾ നല്കി, ഇടവകകൾ ഈ യോഗ്യതകൾ ഉള്ള പുരുഷന്മാരെ തിരഞ്ഞെടുക്കയും ചെയ്തിരുന്നു (പ്രവൃത്തികൾ 2-ാം ലക്കത്തിലെ പ്രവൃത്തികൾ 6:1-7 നോട്ടുകൾ നോക്കുക).

[31]ഇതു നാമധേയ വിഭാഗം ആരംഭിച്ച പേരാണ് "പ്രെസ്ബിറ്റേറിയൻ." സഭ, തീർച്ചയായും, രൂപപ്പെടുത്തിയിരിക്കുന്നത് ഒരു ഗവൺമെന്റ് രൂപത്തിലല്ല. [32]ദൈവം മനുഷ്യനു ഒരു ഉത്തരവാദിത്വം കൊടുക്കുമ്പോൾ, അതു നിർവ്വഹിക്കുവാനുള്ള അധികാരവും അവൻ നല്കുന്നു. അതുകൊണ്ട്, "ഓവർസിയർ," എന്ന വാക്കിൽ ഉത്തരവാദിത്വം മാത്രമല്ല, അധികാരവും ഉൾപ്പെടുന്നു. [33]"എപിസ്കോപാലിയൻ" എന്നതു നാമധേയ വിഭാഗം ആരംഭിച്ചതാണ്. കുറിപ്പുകൾ 31 നോക്കുക. [34]ഇതു "ടെലെസ്ക്കോപ്പ്" എന്നതിലെ "സ്ക്കോപ്പ്," ആണിത് (ദൂരക്കാഴ്ച്ചക്കു), "മൈക്രോസ്കോപ്പ്" (ചെറുതായികാണുവാൻ), മുതലായവ. [35]ആർ എസ് വി *എപ്പിസ്കോപോസ്* തർജ്ജിമ ചെയ്തത് "രക്ഷിതാവ്" എന്നാണ്. [36]"ബിഷപ്പ്" എന്ന വാക്ക് കത്തോലിക്കരും മറ്റുള്ളവരും തെറ്റായിട്ടാണ് ഉപയോഗിച്ചു വരുന്നത്, ഇടവകയിലെ "മേയ്ക്കുന്നവരിൽ ഒരാൾ" എന്ന ആശയം ഉണ്ടാകേണ്ടതിനെ മാറ്റിയിരിക്കുന്നു. ആരംഭത്തിൽ "ബിഷപ്പ്" എന്നതിനു ഉണ്ടായിരുന്ന അർത്ഥം *അല്ല* ഉള്ളത് എന്നു പറയാൻ കാരണമുണ്ട്. [37]ഞാൻ "ഓഫീസ്" എന്ന വാക്ക് ഉപയോഗിക്കാൻ കാരണം എൻ ഏ എസ് ബിയിൽ അങ്ങനെ തർജ്ജിമ ചെയ്തിരിക്കു

ന്നതുകൊണ്ടാണ് (1 തിമൊഥെയൊസ് 3:1) പകരം മറ്റൊന്നില്ലാത്തതുകൊണ്ടുമാണ്, എങ്ങ നെയായാലും, ഓർമ്മിക്കുവാനുള്ളത്, നാം അധികവും ഉത്തരവാദിത്വത്തെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത്. [38]"പാസിങ് ദ ബക്ക്," എന്ന് അമേരിക്കയിൽ ഒരു ചൊല്ലുണ്ട്, അതു ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു മാറുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ പറയുന്ന "ദ ബക്ക് സ്റ്റോപ്സ് ഹിയർ" എന്നതു ഉത്തരവാദിത്വത്തെ സ്വീകരിക്കുന്നതായി പറയുന്നു. [39]പ്രവൃത്തികൾ 2-ാം ലക്കത്തിലെ പ്രവൃത്തികൾ 6:2 ന്റെ നോട്ടുകൾ ശ്രദ്ധി ക്കുക. [40]"സൂപ്പർവിഷൻ" എന്നതു ലാറ്റിൻ രൂപമാണ്, അർത്ഥം "ഓവർസൈറ്റ്" എന്നാ ണ്. മൂപ്പന്മാരെ ആത്മീയ "സൂപ്രണ്ടുമാർ" എന്നു വിളിക്കാം.

[41]മൂപ്പന്മാർ സഭയെ കരുതുവാൻ തുടങ്ങുന്നതിനുമുമ്പ്, തങ്ങളെത്തന്നെ കരുതി തുടങ്ങണം. [42]പ്രവൃത്തികളുടെ പുസ്തകത്തിൽ, ഈ ഒരു ഭാഗത്തു മാത്രമാണ് "ദൈവ സഭ" എന്ന പ്രയോഗം കാണുന്നത്, എന്നാൽ അതു പൗലൊസിന്റെ ഇഷ്ടപ്രയോഗ മാണ് (അല്ലെങ്കിൽ മാതൃക, 1 കൊരിന്ത്യർ 1:2). ഈ വാക്യത്തിൽ "ദൈവം" എന്നു പറ ഞ്ഞിരിക്കുന്നതു യേശുവിനെ ആകാം (അടുത്ത കുറിപ്പ് നോക്കുക). [43]"തന്റെ സ്വന്ത രക്തം" കൊടുത്ത് (അതായതു, അവന്റെ പുത്രന്റെ), എന്നത് തർജ്ജിമ ചെയ്തിരിക്കു ന്നതിൽ എൻ. എ. എസ്.ബിയുടേതാണ് ഏറ്റവും സ്വാഭാവികം. പുതിയ നിയമത്തിൽ ഇത് പത്തോ അതിലധികമോ പ്രാവശ്യം യേശു "ദൈവമെന്ന്" പറഞ്ഞിരിക്കുന്നു. ക്രൂശിന്റെ ഉപദേശരൂപത്തിന്റെ പ്രാധാന്യം കാണിക്കുന്നതാണ് വാക്യം 28. നാം രക്ത ത്താൽ രക്ഷിക്കപ്പെടണമെങ്കിൽ, അവൻ രക്തം കൊടുത്തു സമ്പാദിച്ച സഭയിൽ പ്രവേ ശിക്കണം (എഫെസ്യർ 5:23, 25 നോക്കുക). [44]മൂന്നു വാക്കുകളും മാറി മാറി ഉപയോഗി ച്ചിരിക്കുന്ന, മറ്റൊരു വേദഭാഗം 1 പത്രൊസ് 5:1, 2 ആണ്. [45]വാരെൻ ഡബ്ലിയു വിയേഴ ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989). 451, 486. [46]കെജെവിയിൽ "ഷെപേഡിങ്ങ്" എന്നതിനു പകരം "ഫീഡിങ്ങ്" എന്നാണ്. പ്രവൃത്തികൾ 20:28 ലും 1 പത്രൊസ് 5:2 ലും ഒരു ഇടയന്റെ ഉത്തരവാദിത്വ ത്തിൽ അത്യാവശ്യം വേണ്ടതാണിത്, എന്നാൽ മുഴുവൻ ഉത്തരവാദിത്വങ്ങളും അല്ല താനും. [47]മത്തായി 7:15; യോഹന്നാൻ 10:12 നോക്കുക. [48]ഈ ദുരുപദേഷ്ടാക്കന്മാർ, ഹുമനെയൊസും അലെക്സന്തരും ആണ് (1 തിമൊഥെയൊസ് 1:19, 20); ഫുഗെയൊസും ഹുമനയോസും (2 തിമൊഥെയൊസ് 1:15), ഫിലേത്തൊസും (2 തിമൊഥെയൊസ് 2:17) ദിയൊത്രെഫൊസും (3 യോഹന്നാൻ 9). [49]"നോസ്റ്റിസിസം" രണ്ടും മൂന്നും നൂറ്റാണ്ടിൽ, ഉടലെടുത്ത ഒരു വിഭാഗമാണ് യെഹൂദമതത്തിലെ ചിലതും അന്യ ദേവന്മാരെ വണങ്ങി യവരുടെ തത്വങ്ങളും യോജിപ്പിച്ച് ക്രിസ്ത്യാനിത്വത്തെ അവർ ദുഷിപ്പിക്കാൻ തുടങ്ങി. "നോളെജ്" എന്ന വാക്കിന്റെ ഗ്രീക്കുവാക്കിൽ നിന്നാണ് ആ വാക്ക് ലഭിച്ചത് (*നോസി സ്*) കാരണം അവരുടെ നായകന്മാർക്കുള്ള അറിവ് മുന്നിട്ടിറങ്ങാത്തവർക്കു ലഭിക്കാത്ത അറിവുണ്ട് എന്നതാണ് അവരുടെ അവകാശം. ഈ വിഭാഗം ആരംഭം കുറിച്ചത് ഒന്നാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ്. എഫെസൊസിലെ നിക്കലോവ്യരുടെ ഉപദേശം (വെളിപ്പാട് 2:1, 6; 15 ഉം നോക്കുക). നോസ്റ്റിസത്തിന്റെ ആരംഭം ആയിരിക്കാം. നോസ്റ്റി സത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, 1 യോഹന്നാന്റെ പുസ്തകത്തെ കുറിച്ചുള്ള ഒരു സ്റ്റാൻഡേർഡ് കമെന്ററി നോക്കുക. [50]എൻ സിവിയിൽ "ഞാൻ നിങ്ങളെ ദൈവ കരുതലിൽ ഏല്പിക്കുന്നു" എന്നാണ്.

[51]എഫെസ്യർ 4:28 മായി താരതമ്യം ചെയ്യുക. [52]"നമ്മുടെ ചുരുങ്ങിയ സുവിശേഷ ങ്ങളിൽ രേഖപ്പെടുത്താത്ത ആയിരക്കണക്കിനു വിലപ്പെട്ട സത്യങ്ങളിൽ, ഒന്നാണ്." (ജെ ഡബ്ലിയു മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 1 [ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., എൻ. ഡി], 193.) (യോഹ ന്നാൻ 20:30). ആദ്യത്തെ സുവിശേഷ വിവരണം എഴുതപ്പെട്ടതിനു വർഷങ്ങൾക്കു മുമ്പ് യേശു പ്രസ്താവിച്ചതാണ് പൗലൊസ് ഉദ്ധരിച്ചത്. തന്റെ പരിവർത്തനത്തിനു ശേഷം പൗലൊസിനു കർത്താവു നേരിട്ടു നിർദ്ദേശം നല്കിയിരുന്നു (ഗലാത്യർ 1:11, 12, 17). [53]ചുംബനം അക്കാലത്ത് നല്ല നിലവാരത്തിലുള്ള വന്ദനം (അല്ലെങ്കിൽ യാത്ര പിരിയു

മ്പോൾ) ഉള്ളതാണ്; അതിൽ സൗഹൃദം അടങ്ങിയിരിക്കുന്നു (ലൂക്കൊസ് 22:47, 48; റോമർ 16:16 നോക്കുക). [54]വാക്യം 25 നോക്കുക "അവന്റെ മുഖം ഇനി കാണുകയില്ല" എന്ന പൗലൊസിന്റെ പ്രസ്താവന, ഒരു ചെറിയ പ്രശ്നം ഉണ്ടാക്കുന്നു. കാരണം പൗലൊസ് പിന്നീട് എഫെസൊസ് സന്ദർശിച്ചിട്ടുണ്ട് (1 തിമൊഥെയൊസ് 1:3; 3:14). ഈ ആശയങ്ങളെ പരിഗണിക്കുക: (1) വാസ്തവത്തിൽ അവനു യെരുശലേമിൽ എന്തു സംഭവിക്കുമെന്ന് പ്രത്യേകമായി പൗലൊസ് അറിയായ്കയാൽ (വാക്യം 22), *അവന്റെ* വാക്കുകൾ ഒരു പക്ഷേ *അവന്റെ തന്നെ* ദൈവശ്വാസിയ മുന്നറിയിപ്പുകളെക്കുറിച്ചു "ബന്ധനവും കഷ്ടതയും" എനിക്കായി കാത്തിരിക്കുന്നു (വാക്യം 23). യെരുശലേമിൽ മരിക്കുമെന്നായിരുന്നു പൗലൊസ് പ്രതീക്ഷിച്ചത് (വാക്യം 24). അതു സംഭവിച്ചില്ലെങ്കിൽ, അവൻ പെട്ടെന്ന് റോമിൽ ചെന്നു പ്രവർത്തനങ്ങൾക്ക് അടിത്തറയിടുവാൻ തയ്യാറായിരുന്നു (റോമർ 15:23–25). എങ്ങനെയായാലും, എഫെസൊസിൽ മടങ്ങിച്ചെല്ലുമെന്ന് പ്രതീക്ഷിച്ചതേയില്ല. (2) അവൻ എഫെസൊസിൽ എത്തുന്നതിനു മുമ്പ് നിരവധി വർഷങ്ങൾ കഴിഞ്ഞു (അവൻ പോയെങ്കിൽ), ആ മൂപ്പന്മാർ അപ്പോഴേക്കും - സ്ഥലം വിടുകയോ മരിക്കുകയോ ചെയ്തിരിക്കാം. അതുകൊണ്ട് അവൻ *അവരുടെ* മുഖം പിന്നെ കണ്ടില്ല. (3) പൗലൊസിന്റെ പദ്ധതിയെ പലപ്പോഴും കർത്താവും സാഹചര്യങ്ങളും മാറ്റി. [55]ബാർക്ലേ, 152.